
# ദേവമാതാ ഹൈസ്കൂൾ ചേന്നംകരി

## ലിറ്റിൽ കൈറ്റ്സ്




ഡിജിറ്റൽ മാഗസിൻ

**2019-2020**

# ദേവമാതാ ഹൈസ്കൂൾ ചേന്നംകരി



## ഉള്ളടക്കം

സന്ദേശം....4
സന്ദേശം....5
ആശംസ....6
എന്റെ വിദ്യാലയ കാഴ്ചകളിലൂടെ....7
അവതാരിക....9
പിന്നണിയിൽ....10
LITTLE KITES MEMBERS....11
എഡിറ്റോറിയൽ....12
വിജ്ഞാനത്തിന്റെ കൊച്ചു പട്ടങ്ങൾ....13
സൈബർ സുരക്ഷ....14
മാധ്യമങ്ങളും കുട്ടികളും....16
കുഞ്ഞുങ്ങളെ ജാഗ്രതൈ....18
എന്റെ ഓർമ്മയിലെ മഴക്കാലം....19
അവൻ ഇരുളിലേക്ക്....20
ശുചിത്വ കേരളം....21
ഓർമ്മയിലെപ്രളയം....23
എന്റെ അമ്മ....24
പൂരങ്ങളുടെ പൂരം....25
DREAMS....26
സ്ത്രീ "കരുത്തിന്റെ പ്രതീകം"....27
അവഗണിക്കപ്പെട്ട മാതൃത്വം....28
പുതുഹരിതം....29
Prayer....30
THE SONG OF NATURE....31
മാധ്യമം....32
MANNERS....33
വനസംരക്ഷണം....34
*MOTHER'S LOVE*....35
വള്ളംകളി....36
ലോകത്തിന്റെ മാലാഖമാർ....37
KNOWLEDGE....38
MY SUPER DADDY....39
മാതൃത്വത്തിന്റെ വില....40
*B*IRDS....41
അമ്പിളിയുടെ മീൻ....42
ME AS THE WORDS OF NATURE....43
മാധ്യമങ്ങൾ നിത്യജീവിതത്തിൽ....44
എന്റെ വിദ്യാലയം....45
GOOD HABITS....46
Climate Change....47
നന്ദി....48

# സന്ദേശം



കാലം മാറിയാലും കോലം മാറാതെ ഉയരങ്ങൾ കീഴടക്കാനുള്ള ജൈത്രയാത്ര അഭംഗുരം തുടരുക. പ്രാർത്ഥനയും, സ്നേഹവും, പരിശ്രമവും, സത്യസന്ധതയും, ദയയും, ധാർമികതയും കൈമോശം
വരാതെ കാത്തുസൂക്ഷിക്കുക എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

**റവ. ഫാ. ജോർജ്ജ് പനക്കേഴം**

**(സ്കൂൾ മാനേജർ)**

# സന്ദേശം




അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന ഒരു ലോകത്താണ് നാം ജീവിക്കുന്നത്. വിരൽത്തുമ്പിൽ വിസ്മയ ലോകം തീർക്കുന്ന ഇന്റർനെറ്റ് യുഗം. ഇവിടെ അടിപതറാതെ വ്യക്തി ജീവിതത്തിൽ നേട്ടങ്ങൾ കൈവരിക്കുന്നതോടൊപ്പം രാജ്യ നന്മയും ദേശസ്നേഹവുമുള്ള പൗരന്മാരായി നിങ്ങൾ വളർന്ന് വരട്ടെ.

**Pen v/s Mouse** എന്ന ഡിജിറ്റൽ മാഗസിനിൽ നിങ്ങളുടെ സ്വപ്നങ്ങളും പ്രതിഭയുമാണ് കാണുന്നത്. ഇതിനായി അക്ഷീണം പ്രയത്നിച്ച ഏവർക്കും അനുമോദനങ്ങൾ....

ജോളി ജോസഫ്

ഹെഡ് മിസ്ട്രസ്

# ആശംസ



ഒൻപതാം ക്ലാസ്സ് കുട്ടികൾ അണിയിച്ചൊരുക്കുന്ന **PEN v/s MOUSE** എന്ന ഡിജിറ്റൽ മാഗസിന് എന്റെ എല്ലാ ആശംസകളും , തുടർന്നും വലിയ കാര്യങ്ങൾ ചെയ്യുവാൻ നിങ്ങൾക്ക് സാധിക്കട്ടെ എന്നാശംസിക്കുന്നു.

സാബു തോമസ് കട്ടക്കുഴി.
പി. റ്റി. എ പ്രസിഡന്റ്

# എന്റെ വിദ്യാലയ കാഴ്ചകളിലൂടെ






















# PEN V/S MOUSE




























# അവതാരിക

വിവരസാങ്കേതിക വിദ്യയുടെ അത്ഭുതകരമായ വളർച്ചയ്ക്ക് സാക്ഷ്യം വഹിക്കാൻ ഭാഗ്യം സിദ്ദിച്ച ഒരു തലമുറയുടെ പ്രതിനിധികളാണ് നാം . ലോകം മുഴുവനും ഒരു ആഗോളഗ്രാമമായി മാറിയിരിക്കുന്ന ഈ കാലഘട്ടത്തിന് വിവരസാങ്കേതിക വിദ്യാഭ്യാസം അനിവാര്യമാണ്. എല്ലാവിദ്യാലയങ്ങൾക്കും തന്നെ ഈ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടുണ്ട് എന്നതിന് ഉദാത്തമാതൃകയാണ് നമ്മുടെ ദേവ മാതാ ഹൈസ്കൂളിലെ ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ **"pen v/s mouse"** എന്ന ഈ വെബ് മാഗസീൻ . ഇത് തയ്യാറാക്കാൻ ഇവർക്ക് നേതൃത്വം നൽകിയ അധ്യാപകർക്കും കുഞ്ഞുങ്ങൾക്കും എല്ലാ അധ്യാപകരുടെയും പേരിലുള്ള ആശംസകൾ................

**Sr.ആൽഫി S A B S**

# പിന്നണിയിൽ

**മാർഗദർശനം**

- **ജോളി ജോസഫ്**

{ ഹെഡ് മിസ്ട്രസ് }

- **ആശ സെബാസ്റ്റ്യൻ**

{ SENIOR ASSISTANT AND S.I.T.C }

- **മറിയമ്മ ജോസഫ്**

{ കൈറ്റ് മിസ്ട്രസ് }

- **ജസ്റ്റിൻ ജോസ്**

{ കൈറ്റ് മാസ്റ്റർ }

## എഡിറ്റേഴ്സ്



- **അലൻ ജോഷി**

{ ചീഫ് എഡിറ്റർ }

- **ഡാർവിൻ ജോസഫ്**
- **നന്ദന ബൈജു**
- **അനുപ്രിയ സന്തോഷ്**
- **മെറീന ജോസഫ്**



## കവർപേജ്



- **ജിബിൻ വർഗ്ഗീസ്**
- **ഫെലിക്സ് ജോ ജോസഫ്**

# LITTLE KITES MEMBERS



. ALEN JOSHY
. DARVIN JOSEPH
. ABIN K. THOMAS
. JIBIN VARGHESE
. FELIX JOE JOSEPH
. BOBY T. BABU
. JERIN V. JOY
. LIBIN MATHEW
. SHINU MATHEW
. AKHIL K.B

. SANDRA MARIYA MARTIN
. NANDANA BAIJU
. MARIYA THOMAS
. ANUPRIYA SANTHOSH
. RAVEENA A. R
. MEREENA JOSEPH
. SWATHY K S
. ALPHONSA SEBASTIN
. AKSHARA ANIL
. JOHNCY K J
. SANDRA BIJU

# എഡിറ്റോറിയൽ

വിരൽത്തുമ്പിൽ"**പേന**" ആയുധമാക്കിയപ്പോൾ

ആശയങ്ങൾ **ആവേശമായി.....**

വാക്കുകൾ **ഗർജനങ്ങളായി**

ഞരമ്പുകളെ **ചൂടുപിടിപ്പിച്ച്.....**

വിപ്ലവങ്ങളിലൂടെ മാറ്റങ്ങൾ... **വികസനങ്ങൾ..**

## ഇനിയുമൊരുകാലം.......

വിരൽത്തുമ്പിൽ **മൗസ്...**

ബട്ടൺ അമർത്തുമ്പോൾ "**പുതിയലോകം**"

ബൗദ്ധികലോകം.........**വിസ്മയലോകം..**

രഹസ്യങ്ങൾ **തുറക്കപ്പെടുന്നലോകം...**

മാറ്റങ്ങളുടെ **ലോകം........**

മനവരാശിയുടെ **നന്മക്കായി.......**

പ്രകൃതിയുടെ **നിലനിൽപ്പിനായി......**

**“മൗസ്"** ആയുധമാക്കാം...........

**അലൻ ജോഷി**

**(ചീഫ് എഡിറ്റർ)**

# വിജ്ഞാനത്തിന്റെ

# കൊച്ചു പട്ടങ്ങൾ

## പാഠപുസ്തകത്തിനപ്പുറം

ഇന്റർനെറ്റ് , ആനിമേഷൻ എന്നീ താളുകളിൽ വിദ്യാർത്ഥികളുടെ കൈയൊപ്പ് പതിപ്പിക്കുവാൻ വിദ്യാർത്ഥികളെ നയിക്കുന്ന വിസ്മയലോകം "ലിറ്റിൽ കൈറ്റ്സ് ". ആനിമേഷന്റെയും പ്രോഗ്രാമിങ്ങിന്റെയും അനന്തസാധ്യതകളിലേക്ക് ഭാവിയിൽ വിദ്യാർത്ഥികളെ എത്തിക്കുന്നതിനായി ഒരു മാതൃകസ്പർശം. ഈ വിസ്മയലോകത്ത് കുട്ടികളുടെ കഴിവുകളെ വികസിപ്പിക്കാനും ആ വാനിൽ പറന്നുയരുവാനും നമ്മുക്കൊന്നുചേരാം ഒന്നിച്ചുയരാം.

ലിറ്റിൽ കൈറ്റ്സ്

**എഡിറ്റേഴ്സ്.**

# സൈബർ സുരക്ഷ

ജസ്റ്റിൻ ജോസ് (LK Master DMHS Chennamkary)

പുതിയ കാലത്തിലെ പൊതു ഇടങ്ങളാണ് സൈബർലോകം. ഇവിടെ എത്തപ്പെടുന്ന പുതിയ ഡിജിറ്റൽ തലമുറയിലെ കുഞ്ഞുങ്ങൾ നേരിടുന്ന വെല്ലുവിളികൾ വളരെ സങ്കീർണ്ണമാണ്. നമുക്ക് വളരെയധികം ഉപകാരപ്രദമായ സംവിധാനമാണ് ഇന്റർനെറ്റ്. എന്നാൽ ഇന്റർനെറ്റിന്റെ ഉപയോഗത്തെക്കുറിച്ച് ശരിയായ ധാരണയില്ലാതെ ഒരു പക്ഷേ, നാം അപൂർവം അവസരങ്ങളിലെങ്കിലും അപകടങ്ങളിൽപ്പെടാറുണ്ട്.

സൈബർ കുറ്റകൃത്യങ്ങൾ വർധിക്കുകയാണെന്ന് ദേശീയ ക്രൈംറെക്കോഡ്സ് ബ്യൂറോയുടെ കണക്കുകളും വ്യക്തമാക്കുന്നു. സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട് രാജ്യത്ത് അനവധി സംഭവങ്ങൾ റിപ്പോർട്ട് ചെയ്യതായി കാണാം. വെബ്സൈറ്റുകളിലെ നുഴഞ്ഞുകയറ്റം, അപകീർത്തിപെടുത്തുന്നതുമായി ബന്ധപ്പെട്ട ചെറുതും വലുതുമായ കേസുകൾ, സാമ്പത്തിക കുറ്റകൃത്യങ്ങൾവരെ പട്ടികയിൽ വരുന്നു.

പ്രതിസ്ഥാനത്ത് അജ്ഞത, സാമൂഹികമാധ്യമങ്ങളുമായി ബന്ധപ്പെട്ടുള്ള പരാതികൾ ഏറുന്നതിന് പ്രധാന കാരണം അജ്ഞതതന്നെയാണെന്ന് സൈബർ വിദഗ്ധർ പറയുന്നു. ഒരു ഫോട്ടോയോ പോസ്റ്റോ ഷെയർചെയ്താൽ എന്താണ് കുഴപ്പമെന്നാണ് പലരുടെയും മനോഭാവം. കിട്ടുന്നതെല്ലാം കണ്ണുമടച്ച് മറ്റുള്ളവർക്ക് അയക്കും, കേസുവരുമ്പോൾ അയച്ചയാളെ വിശ്വസിച്ച എന്നൊക്കെവാദമുന്നയിക്കും. പക്ഷേ, നിയമത്തിനുമുന്നിൽ അതൊന്നും വിലപ്പോകില്ല.

## സുരക്ഷിതമാണോ ചാറ്റ് റൂം

ചാറ്റ്റൂമിൽനിന്ന് ഒന്നും പുറത്തുപോകില്ലെന്നാണ് പലരുടെയും വിശ്വാസം. യൂസർ നെയിമും പാസ്‌വേഡുമൊക്കെയുണ്ടെങ്കിൽ സുരക്ഷിതമായെന്ന് കരുതും. പാസ്‌വേഡ് സ്ട്രോങ്ങാണ്. അങ്ങനെ ആർക്കും അതിക്രമിച്ചുകടക്കാൻ പറ്റില്ലെന്ന് വീമ്പുപറഞ്ഞവരുടെ അക്കൗണ്ടിലേക്ക് സെക്കൻഡുകൾക്കകം നുഴഞ്ഞുകയറാനായിട്ടുണ്ട്.

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

*കമ്പ്യൂട്ടർ, ഇന്റർനെറ്റ് തുടങ്ങിയവ വീടിനുള്ളിലെ പൊതുഇടങ്ങളിൽ സ്ഥാപിക്കുക.

*സാങ്കേതിക സംവിധാനങ്ങളുടെ (കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, ഇന്റർനെറ്റ്) അമിത ഉപയോഗം കുറക്കുക.

*സാമൂഹികമാധ്യമങ്ങളുടെ ഉപയോഗം നിയന്ത്രിക്കുക.

*വ്യക്തികളുടേയോ സ്ഥാപനങ്ങളുടേയോ ചിത്രങ്ങൾ, വീഡിയോകൾ അനുവാദം ഇല്ലാതെ ചിത്രീകരിക്കുകയോ പ്രചരിപ്പിക്കുകയോ അരുത്.

*അപരിചിതരിൽ നിന്ന് മൊബൈൽ ഫോൺ, ക്യാമറ, ഐപാഡ് തുടങ്ങിയ ഉപകരണങ്ങൾ സ്വീകരിക്കുകയോ കൈമാറുകയോ ചെയ്യരുത്.

*അപരിചിതമായ നമ്പറുകളിൽ നിന്നും തുടർച്ചയായി മിസ്ഡ് കോളുകൾ വരികയാണെങ്കിൽ രക്ഷിതാക്കളേ അറിയിക്കുക .

* സാങ്കേതിക വിദ്യകളുടെ ഉപയോഗം മനസിലാക്കാൻ ശ്രമിക്കുക. നിങ്ങളുടെ അറിവ് പുതുക്കിക്കൊണ്ടിരിക്കുക.

## സൈബർ നിയമം ഇങ്ങനെ

ഇന്ത്യ ഐടി ആക്ട് ആണ് രാജ്യത്തെ സൈബർ കുറ്റകൃത്യങ്ങളെ നിർണയിക്കുന്നത്, 2000 ത്തിലാണ് ഇതുസംബന്ധിച്ച നിയമനിർമ്മാണം നടന്നത്. 2008 ൽ ഡിസംബറിൽ ഈ നിയമത്തിൽ ചില ഭേദഗതികൾ കൊണ്ടുവന്നു. 2009 ഒക്ടോബർ 29 ന് ഭേദഗതികളോടെ നിയമം നിലവിൽവന്നു.

*ഒരു വ്യക്തിക്ക് ഹാനികരമോ, അപമാനമുണ്ടാക്കുന്നോ, വെറുപ്പുളവാക്കുന്നതോ അപടകമുണ്ടക്കുന്നതോ ആയ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതും സ്വീകർത്താവിനെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിൽ സന്ദേശങ്ങൾ അയക്കുന്നതും കുറ്റകരമാണ്
*ഒരു പ്രത്യേക കമ്പ്യൂട്ടർ കുറ്റകരമായ കാര്യങ്ങൾക്കുവേണ്ടി ഉപയോഗിച്ചയാളെ കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ ആ കമ്പ്യൂട്ടറിന്റെ ഉടമസ്ഥനായിരിക്കും ഒന്നാം പ്രതിയാകുന്നത്.
*ഫോട്ടോ, ഓഡിയോ, വീഡിയോ, വാചകങ്ങൾ (ടെക്സ്റ്റ് മെസേജ്) എന്നിവയാണ് സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിന് വ്യാപകമായി ഉപയോഗിക്കുന്നത്. ഇവയൊന്നും മറ്റുള്ളവർക്ക് ഉപദ്രവമാകരുത് എന്നുണ്ട്. അശ്ലീലച്ചുവയുള്ളതും അപകീർത്തികരവുമായ പോസ്റ്റുകൾക്ക് ലൈക്കടിക്കുന്നതോ ഷെയർ ചെയ്യുന്നതോപോലുംകുറ്റകരമാണ്.
*സൈബർ കുറ്റകൃത്യങ്ങളിൽ പലതും മൂന്നുവർഷംമുതൽ ജീവപര്യന്തംവരെ തടവുലഭിക്കാവുന്നവയാണ്......

## ശ്രദ്ധിക്കുക

സ്വന്തമായി ആരോഗ്യകരമായ ഒരു ഇന്റർനെറ്റ് സ്വഭാവ രൂപീകരണം നടത്തുകയും അതിനൊപ്പം നിങ്ങൾ ഉപയോഗിക്കുന്ന കമ്പ്യൂട്ടർ, ഇന്റർനെറ്റ് പാസ്‌വേർഡ് എന്നിവ തീർത്തും സുരക്ഷിതമാണെന്ന് ഉറപ്പു വരുത്തുകയും ചെയ്യുക.ചലച്ചിത്രതാരങ്ങൾ, രാഷ്ട്രീയനേതാക്കൾ തുടങ്ങിയവരെല്ലാം ആർക്കും എന്തും പറയാം എന്ന തെറ്റിദ്ധാരണ നീക്കി ഇവരുമായി ബന്ധപ്പെട്ടവരുന്ന അശ്ലീല, ആക്ഷേപ മെയിലുകൾ ഇൻബോക്സിലെത്തിയാൽ അത് തമാശയ്ക്കായി പോലും കൂട്ടുകാർക്ക് ഫോർവേർഡ് ചെയ്യാതിരിക്കുക. നിങ്ങൾക്കായി അനന്തമായ സാധ്യതകൾ തുറന്നിടുന്ന ഈ സൈബർ ലോകം നിങ്ങളെ നിയമക്കുരുക്കിലാക്കിയേക്കാവുന്ന നിഗൂഢതകളും ഒളിപ്പിച്ചുവച്ചിട്ടുണ്ടെന്ന്

തിരിച്ചറിയുക.

**സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട നമ്പറുകൾ**


കേരളാ പോലീസിന്റെ ഫോൺ നമ്പർ:1090

ചൈൽഡ് ഹെൽപ് ലൈൻ നമ്പർ : 1098

# മാധ്യമങ്ങളും കുട്ടികളും

ദീപ (LK Mistress)

കാനനങ്ങളിൽ അധിവസിച്ചിരുന്ന ആദിമ മനുഷ്യൻ ശിലാഫലകങ്ങളിൽ ആരംഭിച്ച ആശയ വിനിമയ ഉപാധികൾ ആധുനിക മനുഷ്യന്റെ വിരൽത്തുമ്പിലെ ഇല്കട്രോണിക്ക് മീഡിയയിൽ വന്നെത്തിനില്ക്കുന്നു. കല്ലിലും മരത്തിലും, തോലിലിലും താളിയോലയിലും ചിത്രങ്ങളുംഅക്ഷരങ്ങളും അവതരിപ്പിച്ച മനുഷ്യന്റെ ഏറ്റവും വലിയ കണ്ടുപിടുത്തമായിരുന്നു അച്ചടിയുടെത് .റേഡിയോയുടെ കണ്ടുത്തലാണ് മാധ്യമചരിത്രത്തിലെ അടുത്തനാഴികകല്ല്. റേഡിയോ ഒരു അത്ഭുതമായിരുന്നെങ്കിൽ ടെലിവിഷൻ ഒരു മഹാത്ഭുതമായിരുന്നു. തുടർന്ന് ആശയ വിനിമയ മേഖലകളിൽ പുത്തൻ വിസ്മയങ്ങളാണ് കമ്പ്യൂട്ടർ നമുക്ക് നല്കിയത്. ഇന്റർനെറ്റ് തുറന്നിട്ട സാധ്യതകൾ ചിന്തകൾക്ക് അതീതമാണ്. എല്ലാ മാധ്യമങ്ങളുടെയും സേവനം കൈകുടന്നയിലൊതുക്കിയ സെൽഫോണുകൾ ഇന്ന് അരങ്ങ് വാഴുന്നു.പിഞ്ചുക്കുഞ്ഞുങ്ങൾ മുതൽ അന്ത്യശ്വാസം വലിക്കുന്ന വൃദ്ധർവരെ ഇതിന്റെ അടിമകൾ ആയിരിക്കുന്നു. വാർത്തകൾ, വി–ജ്ഞാന ശകലങ്ങൾ,വിനോദോപാധികൾ,പരസ്യങ്ങൾ എല്ലാമെല്ലാമുള്ള മനുഷ്യന്റെ ഏറ്റവും വലിയ സുഹൃത്തായി ഇത് മാറിയിരിക്കുന്നു.



# PEN V/S MOUSE

മാധ്യമങ്ങൾ കുട്ടികളിൽ ചെലുത്തുന്ന സ്വധീനം വളരെ വലുതാണ്.വിജ്ഞാന ശകലങ്ങളെ ആലോചനയുടെ അകമ്പടിയോടെ സ്വായത്തമാക്കാൻ നമ്മുക്ക് കഴിയണം. സമ്പൂർണ്ണ സാക്ഷരതയിലേക്ക് നയിക്കാൻ ദിനപത്രങ്ങളും വാരികകളും,ഏറെസഹായിച്ചിട്ടുണ്ട്. ദൃശ്യശ്രവ്യമാധ്യമങ്ങൾക്ക് മുൻപിൽ

മറ്റെല്ലാം മറന്ന് കണ്ണും കാതുമർപ്പിച്ചിരിക്കുന്നവർ ഇതെല്ലാം ശരിയെന്ന് ധരിക്കാതെ വിമർശനാത്മമായി അവയെനോക്കി കാണണം. ഇല്ലങ്കിൽ നെല്ലും പതിരും തിരിച്ചറിയാൻ കഴിയാതെ അബദ്ധങ്ങളിൽ നാം വീണു പോകും.

മാധ്യമങ്ങൾ നമ്മെ നിയന്ത്രിക്കുകയല്ല നാം അവയെ തെരെഞ്ഞെടുക്കുകയാണ് വേണ്ടത്. ബുദ്ധിവികാസത്തിനും മാനസികോല്ലാസത്തിനും ഉതകുന്ന വിഭവങ്ങൾ നിരീക്ഷണത്തിലൂടെ കണ്ടെത്തണം. മെച്ചപ്പെട്ട പഠനത്തിനും അറിവിന്റെ സമ്പാദനത്തിനുമായി പുത്തൻ കാലത്തെ ഈ മാധ്യമങ്ങളെ നമ്മുക്ക് ഉപയോഗിക്കാം. തുറന്ന ചർച്ചകളും സംഭാക്ഷണങ്ങളും നടത്തുക. വ്യത്യസ്ത വീക്ഷണകോണുകളിൽനിന്ന് അവയെ നോക്കി കാണുക. " നമ്മുടെ സമയം, നമ്മുടെ പഠനം, നമ്മുടെ ജീവിതലക്ഷ്യം " ഇതൊന്നിനും കോട്ടം തട്ടാതെ മാധ്യമങ്ങളെ ഉപയോഗിക്കാൻ നമ്മുക്ക് പരിശീലിക്കാം.................

ദീപ ടീച്ചർ

# കുഞ്ഞുങ്ങളെ ജാഗ്രതൈ

ആശ സെബാസ്റ്റ്യൻ(SITC)

മാത്സരികതയുടെ മായാലോകത്തേയ്ക്ക് നമ്മെ നയിക്കുന്ന വമ്പൻ സ്രാവാണ് ഇന്റർനെറ്റ്.അനേകം സാങ്കേതികവിദ്യകൾ ഒന്നുചേർന്ന് ഒരു കൈപ്പത്തിക്കുള്ളിൽ ഒതുങ്ങുന്ന ഒരു ലോകമാണത്.വിശ്വം മുഴുവൻ കൈപ്പിടിയിലൊതുക്കാവുന്ന ,അറിവിന്റെ അനന്തസാധ്യതകൾ നമ്മുടെ മുന്നിൽ തുറന്നിടുന്ന വില്ലാളിവീരനാണ് മൊബൈൽ ഫോൺ.

## അറിവ് ആപത്തോ?

. ഗുരുകുലവിദ്യാഭ്യാസത്തിൽ തുടങ്ങി പലവിധ മാധ്യമങ്ങളിലൂടെ കടന്നുവന്ന വിദ്യാഭ്യാസം പുസ്തകമില്ലാത്ത വരുംകാലവമുന്നേറ്റത്തെ വരവേൽക്കാനൊരുങ്ങുന്നു.അറിവിന്റെ വലിയൊരു ലോകം നമുക്കുമുന്നിൽ തുറന്നിടുന്ന ആ മാന്ത്രികവല നമ്മെ ആ വലിയ ലോകത്തേയ്ക്ക് വലിച്ചടുപ്പിക്കുന്നു.അവിടെ നമ്മെ കാത്തിരിക്കുന്ന ചതുക്കുഴികളേറെയാണ്. വിരൽത്തുമ്പിലൂടെ കടന്നുപോകുന്ന ഓരോ ജാലകവും കെണിയാണെന്ന് നാം അറിഞ്ഞിരിക്കണം. മുന്നിലുള്ള അപകടക്കെ കാണുവാനും മുന്നേറുവാനുള്ള പാത തിരിച്ചറിയുവാനും നമുക്ക് കഴിയണം.വിജയത്തിലേയ്ക്കുള്ള ധാരാളം വഴികൾ നമുക്ക് മുന്നിലുണ്ട് . ഒപ്പം തന്നെ ജീവിതം തകർക്കുന്ന ചതിക്കുഴികളും. നാം പരതുന്ന വഴികൾ നന്മയുടേതാവട്ടെ.അപകടപ്പെടുത്തുന്ന വഴികളെ അവഗണിക്കാൻ നമുക്ക് കഴിയട്ടെ


## ജാഗ്രതയോടെ

യന്ത്രങ്ങൾ ആവശ്യത്തിന് മാത്രം ഉപയോഗിക്കുക എന്ന ഗാന്ധിജിയുടെ അഭിപ്രായം ഇവിടെ ഏറെ പ്രസക്തമാണ് .ഇന്റർനെറ്റ് ആവശ്യത്തിന് മാത്രം ഉപയോഗിക്കുവാൻ നാം ശീലിക്കണം. അലസമായി മണിക്കൂറുകളോളം സമൂഹമാധ്യമങ്ങളിലും അശ്ലീല സൈറ്റുകളിലും ചെലവഴിക്കുന്നവരേറെയാണ് .മനസ്സിനെ മലിനമാക്കി , സർഗശേഷിയെ ഇല്ലാതാക്കി, കായികശക്തിയെ നശിപ്പിച്ച് നാം നേടുന്നതെന്താണ് ? മനുഷ്യത്വം ഇല്ലൊതാവുന്നു,ആരോഗ്യം നശിക്കുന്നു, ചിന്തകൾ മലിനമാകുന്നു.

അറിവിനായി ,ആവശ്യങ്ങൾക്കായി, പൊതുജനസേവനങ്ങൾക്കായി,പരസ്പരസഹകരണത്തിനായി ,മാനുഷികമൂല്യങ്ങളുടെ നിലനിൽപ്പിനായി നമുക്ക് ഇന്റർനെറ്റ് ഉപയോഗിക്കാം.പ്രകൃതിയെ അടുത്തറിയുവാനും കൃഷിയെ സ്നേഹിക്കുവാനും കായികവിനോദങ്ങൾക്ക് സമയം കണ്ടെത്തുവാനും നാം ശ്രമിക്കണം.യന്ത്രങ്ങൾ നമ്മെയല്ല നാം

യന്ത്രങ്ങളെയാണ് നിയന്ത്രിക്കേണ്ടത് .സമൂഹമാധ്യമങ്ങളിലൂടെ ആരെയും വേദനിപ്പിക്കുകയോ ആക്ഷേപിക്കുകയോ ചെയ്യാതിരിക്കാൻ സാധിക്കണം.പകരം വ്യക്തികൾക്കും സമൂഹത്തിനും ലോകത്തിനും നന്മ പകരുന്ന സന്ദേശങ്ങൾ നമ്മിലൂടെ പ്രചരിക്കട്ടെ. അന്തസ്സാർന്ന ഇന്റർനെറ്റ് ഉപയോഗം നമ്മെ നന്മയിലേയ്ക്ക് നയിക്കട്ടെ


# എന്റെ ഓർമ്മയിലെ മഴക്കാലം



മഴയെപ്പറ്റി പറയുമ്പോൾ ആദ്യമായി എന്റെമനസ്സിലേക്ക് ഓർമ്മ വരുന്നത് ക്ലാസ്സിൽ ഇരിക്കുമ്പോൾ മഴപെയ്യുന്ന സമയമാണ്. ക്ലാസ്സിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ആയിരുന്നു പെട്ടന്ന് മഴപെയ്തത് ഞങ്ങളുടെ എല്ലാവരുടെയും ശ്രദ്ധ അതിലെക്ക് പോയി. അപ്പോൾ തന്നെ ബെല്ലടിക്കുകയും ഞാൻ എന്റെ കൂട്ടുകാരുമൊത്ത് മഴയത്ത് ഇറങ്ങി കളിക്കുകയും ചെയ്തു. അതിനുശേഷം ഞാൻ വീട്ടിൽ വന്നപ്പോൾ അമ്മയുടെ വഴക്ക് പറിച്ചിൽ തുടങ്ങി. കാരണം, തുണികൾ മുഴുവൻ ചീത്തതായിരുന്നു. വളരെ നന്നായി ആസ്വദിച്ച എനിക്ക് അന്നുതന്നെ പനിയും ചുമ്മ യും പിടിക്കുകയും,കട്ടിലിൽനിന്ന് അനങ്ങാൻ പറ്റാതെയും ആയിപ്പോയി. അന്ന് ഞങ്ങൾ എല്ലാവരും ഒരുമിച്ച് ആസ്വദിച്ച ആ ദിവസം ഇനി കിട്ടില്ലല്ലോ എന്ന് ഓർത്ത് ഒരു വേദനമാത്രമാണ് ഇപ്പോൾ എനിക്ക് ഉള്ളത്..........

**ഫെലിക്സ് ജോ. ജോസഫ് IX A**

# അവൻ ഇരുളിലേക്ക്



എബിൻ ഒരു ഒൻമ്പതാം ക്ലാസ്സ് വിദ്യർത്ഥിയാണ്. മാതാപിതാക്കളുടെയും അധ്യാപകരുടെയും ഏറ്റവും പ്രിയപ്പെട്ട കുട്ടി. അച്ഛൻ ഒരു കൂലിപ്പണിക്കാരൻ, അമ്മ വീട്ടിൽ തന്നെ. ഒരു മൂന്നംഗ കുടുംബം. ആവശ്യങ്ങൾ ആഗ്രഹങ്ങൾ എല്ലാം ഒതുക്കി കഴിയുന്ന കുടുംബം. എല്ലാ കാര്യങ്ങളിലും മിടുക്കനാണ് എബിൻ. ഇതിനെല്ലാം ഇടയിൽ അവനോടു ശത്രുത ഉള്ള കുറച്ച് സുഹൃത്തുക്കൾക്ക് അസൂയ മൂലം ഉണ്ടായ ശത്രുത. ടീച്ചേഴ്സ് അവനെ കാര്യമായി ശ്രദ്ധിക്കുന്നു എന്നതിലുള്ള അസൂയ. സ്കൂളിൽ പല പരിപാടികൾ നടന്നു. അവൻ അതിലെല്ലാം പങ്കെടുത്ത് സമ്മാനം നേടി. തിരികെ അവൻെറ വീട്ടിലേക്ക് പോയി. സമ്മാനം കിട്ടിയ കാര്യം അവൻ അമ്മയോട് പറഞ്ഞു. അമ്മയ്ക്ക് അതിയായ സന്തോഷം. അമ്മ മകനെ കെട്ടിപ്പിച്ച് മുത്തം കൊടുത്തു. പിന്നെ ഒമ്പതിൻെറ അവസാന പരീക്ഷ, അവൻ നല്ല മാർക്ക് കിട്ടി വിജയിച്ചു. അങ്ങനെ പത്താം ക്ലാസ്സിൽ കേറി. ആദ്യത്തെ ദിവസം ടീച്ചർമാർ പതിവുപോലെ ചോദിച്ചു. വലിയ അവധി എല്ലാവരും ആഘോഷിച്ചോ? "ഉം".... എന്ന് എല്ലാവരും പറഞ്ഞു. മാസങ്ങൾ കടന്നുപോയി. ഓണപരീക്ഷ എത്തി. എല്ലാത്തിനും അവന് ഫുൾ മാർക്ക്. പഴയ ശത്രുതയുടെ തീ ആളിക്കത്തി. വിദ്യാലയം വിട്ട് അവൻ തിരിച്ച് പോകുമ്പോൾ അവർ അവനെ വിളിച്ച് വനത്തിൽ വരുന്നോ എന്നു ചോദിച്ചു. 'ഇല്ല' എന്നു അവൻ പറഞ്ഞു. പക്ഷേ അവർ അവനെ നിർബന്ധിച്ചു. മനസ്സില്ലാമനസ്സോടെ അവൻ പോയി. അവൻെറ അമ്മ അവനെ കാത്തിരുന്നു. എബിനും അവന്റെ ശത്രുക്കളും പതുക്കെ ലഹരിയുടെ ഇരുളിലേക്ക് മറഞ്ഞു.....

**അലൻ ജോഷി IX**

# ശുചിത്വ കേരളം



പതിറ്റാണ്ടുകളുടെ ആലസ്യം വിട്ട് വിദ്യാഭ്യാസ സാമൂഹിക വ്യവസായിക വിവരസാങ്കേതിക വിദ്യകളിലെല്ലാം തന്നെ കേരളം കുതിക്കുകയാണ്. മനുഷ്യവിഭവശേഷിയിലും പ്രകൃതിയുടെ വരപ്രസാദത്തിലും അനുഗ്രഹീതമാണ് നമ്മുടെ കേരളം. അലയും മലയും അതിരുകളായുള്ള നമ്മുടെ കേരളം എത്ര സുന്ദരമാണ്.മനുഷൻെറ നന്മക്കുവേണ്ടി ദൈവം മനോഹരമാക്കി തന്ന ഈ പ്രപഞ്ചത്തിൻെറ അവകാശമാണ് ശുചിത്വം.മനുഷ്യപുരോഗതി മാത്രം ലക്ഷ്യമാക്കി മനുഷ്യൻ ഭൂമിയുടെമേൽ നടത്തുന്ന ചൂഷണമാണ് ശുചിത്വമില്ലായ്മയുടെ പ്രധാനകാരണം.പൊതുസ്ഥലങ്ങൾ ആർക്കും

മലിനപ്പെടുത്താമെന്നും അവ വൃത്തിയായി സൂക്ഷിക്കേണ്ട ചുമതല ആർക്കും ഇല്ലന്നുമാണ് നമ്മുടെ ധാരണ.ഒരു വലിച്ചറിയൽ സംസ്കാരത്തിന് നമ്മുടെ സമൂഹം അടിമപ്പെട്ടുപോയോ എന്നു നാം ചിന്തിക്കേണ്ടിയിരിക്കുന്നു. പലരോഗങ്ങൾ മരുന്നുകളുപയോഗിച്ച് മാറ്റാൻ കഴിയും.എന്നാൽ കോളറ പോലുള്ള പകർച്ച വ്യാദികളെ ശമിപ്പിക്കാൻ മരുന്നുമാത്രം പോരാ പരിസര ശുചിത്വവും അതിനു മുഖ്യഘടകമാണ്.

പ്രിയപ്പെട്ടവരെ,മണ്ണും, വിണ്ണും, വെള്ളവും പവിത്രമാണന്ന് നമ്മുക്ക് ഉറക്കെ പ്രഖ്യപിക്കാം. നമ്മുടെ കാൽ ചുവട്ടിലെ മണ്ണ് പൂർവികരുടെ ചിതാഭസ്മമാണന്നും
അവ വരും തലമുറക്ക് അവകാശപ്പെട്ടതാണന്നുള്ള സത്യം
നമുക്ക് വിസ്മരിക്കാതിരിക്കാം.

മിഥു കൃഷ്ണ ആർ

IX A

# ഓർമ്മയിലെപ്രളയം

കേരളക്കരയാകെ ഓർത്തിരിക്കുവാനൊരു
സംഹാരതാണ്ഡവമാടിയ പ്രളയം
മാനുഷരെല്ലൊരുമൊന്നാണെന്നുള്ളൊരു
സന്ദേശമേകിയ പ്രളയക്കാലം

ജാതിമത വർഗ്ഗവർണ്ണ മതിലുകൾ തകർത്ത്
ബന്ധങ്ങൾ,സൗഹൃദങ്ങൾ തന്നകാലം
അന്യോന്യം താങ്ങായ് തണലായ് മാറി
അതിജീവനത്തിൻ പ്രളയക്കാലം

ആശ്വാസ ഹസ്തങ്ങൾ നമ്മുക്കായി തുറന്നു
ആശ്രയ സങ്കേതങ്ങൾ വന്നുചേർന്നു
അന്യോനം നന്മ ചെയ്യാം നമുക്കൊരു
നല്ല നാളേയ്ക്കായ് ഒന്നുചേരാം

അമല ജോസഫ് VII A

# എന്റെ അമ്മ

കുട്ടിക്കാലത്ത് എന്റെ അമ്മ എനിക്ക് വഴികാട്ടിയായിരുന്നു. അമ്മക്ക് തുമ്പപ്പൂവിന്റെ നൈർമല്യവും ഐശ്വര്യവും ഉണ്ട്. കാലം മാറിയിട്ടും അമ്മയുടെ ഓർമ്മകൾ ഇപ്പോഴും എന്റെ മനസ്സിലുണ്ട്. കിടക്കുമ്പോൾ താരാട്ടുപാടിയും നല്ല നല്ല കഥകൾ പറഞ്ഞും എന്നെ ഉറക്കും.അമ്മയുടെ സാരിയിൽ തൂങ്ങി നടന്നു പോയകാലം. അമ്മ കു-ഞ്ഞിലെ നമുക്ക് വഴിക്കാട്ടിയാണ്. മുതിർന്നുകഴിയുമ്പോൾ അമ്മ നമുക്ക് ആത്മബലമാണ്. നമ്മുടെ ആദ്യത്തെ അധ്യാപിക അമ്മയാണ്. അമ്മ പറയുന്നതിനപ്പുറം മറ്റൊന്നും ഇല്ലാതിരുന്ന കുട്ടിക്കാലമാണ് എന്റേത്. നിഷ്കളങ്കതയാണ് ബാല്യത്തിന്റെ സവിശേഷത എന്ന് അമ്മ പറയുന്നുണ്ടായിരുന്നു. ഞാൻ എവിടെയെങ്കിലും പോയാൽ അമ്മ എന്നെ കാത്തിരിക്കും. അമ്മയുടെ സ്നേഹം നമ്മുക്ക് മറക്കാൻ പറ്റാത്തെ ഒന്നാണ്.

ഡാർവിൻ ജോസഫ്
IX A

# പൂരങ്ങളുടെ പൂരം



"പൂരങ്ങളുടെ പൂരം" എന്നാണ് തൃശ്ശൂർ പൂരം അറിയപ്പെടുന്നത്. തൃശ്ശൂർ ജില്ലയിലെ വടക്കുന്നാഥക്ഷേത്രാങ്കണത്തിലുള്ള തേക്കിൻകാട് മൈതാനത്ത് മേടമാസത്തിലെ പൂരംനാളിലാണ് ഈ ഉത്സവം നടക്കുന്നത്. പൂരം നാളിൽ രാവിലെ തിരുവമ്പാടി ശ്രീകൃഷ്ണക്ഷേത്രത്തിൽ മുഴങ്ങുന്ന കതിനവെടിയോടെ പൂരച്ചടങ്ങുകൾ ആരംഭിക്കും. പതിനഞ്ച് ആനകൾ തിരുവമ്പാടി ക്ഷേത്രത്തിന് പ്രദിക്ഷണം വച്ച് ഘോഷയാത്രയായി വടക്കുന്നാഥക്ഷേത്രത്തിനുള്ളിൽക്കൂടി ക്ഷേത്രത്തിന്റെ ഒരു വശത്തായി അണിനിരക്കുന്നു. പ്രധാന ആനയുടെ പുറത്ത് ശ്രീകൃഷ്ണരൂപം കൊത്തിയ തിടമ്പും കാണും. അതേസമയം പതിനഞ്ച് ആനകൾ അടങ്ങിയ മറ്റൊരു സംഘം പാറമേക്കാവ് ക്ഷേത്രത്തിൽ നിന്ന് തിരിച്ച് മൈതാനത്തിൽ എതിർദ്ദിശയിൽ ആദ്യസംഘത്തിന് അഭിമുഖമായി അണിനിരക്കുന്നു. ഈ സംഘത്തെ നയിക്കുന്ന ആനയുടെ പുറത്ത് ദേവിയുടെ വിഗ്രഹം അടങ്ങിയ തിടമ്പ് ഉണ്ടായിരിക്കും. ആനകൾ അണിനിരക്കുമ്പോൾ പാണ്ടിമേളം,പഞ്ചാരി എന്നിവ ആരഭിക്കുന്നു.......................

അലൻ ജോഷി , IX A

# DREAMS

***Dreams put as into a magical word.***

***The magical word sometimes had seen beautiful and sometimes they make as scared. While we seeing the dream we are not tensed about all the emotions of our life. In the sweet dream we are always happy. No more irritation are their. Their is no one to disturb us. We are in the world of our self.***

***We are alone their. We will get many aims from our dreams. Dreams are the entertainment while we sleep.***

***Some times we can see the angles and gods in our dreams. It make us more happy. Most of them sees there dreams with closed eyes but Abdhul Kalam says see our dreams with open eyes. And try to succeed it.***

***So everyone should see their dreams with open eyes and try to succeed the aims in your dreams.***

***(AKSHARA ANIL)***
***IX A***

# സ്ത്രീ "കരുത്തിന്റെ പ്രതീകം"

*സത്രീ ഇന്ന് നേരിട്ടു കൊണ്ടിരിക്കുന്ന വെല്ലുവിളികൾ ഏറെയാണ്.സത്രീകൾക്ക് വിദ്യാഭ്യാസമെന്ന അവകാശപോലും ഇല്ലായിരുന്ന ഒരു കാലം ഉണ്ടായിരുന്നു .പക്ഷെ ഇക്കാലത്ത് സ്ത്രീ എന്ന വ്യക്തിത്വം എല്ലാമേഖലയിലും പ്രകാശിക്കുന്നു. വീടിന്റെ വിളക്കാണ് സ്ത്രീ .വീടിന്റെ ഐശ്വര്യമാണ് സ്ത്രീ . ഏതൊരു മഹാവ്യക്തിയുടെ ഉയർച്ചയുടെ പിന്നിലും ഒരു പെൺ ശക്തി ഉണ്ടായിരിക്കും ഇക്കാലത്ത് പെൺശക്തിയുടെ കരുത്ത് കുറവാണ്.അതിനാൽ ഇനിയും നമ്മൾ വീടിന്റെ അടുക്കളയിൽ ഒതുങ്ങി കൂടാതെ നമ്മുടെ പങ്ക നമ്മൾ നിർവഹിക്കണം. രാഷ്ട്രസ്നേഹികളായ ധീരയുവതികളാവാം. അങ്ങനെ സ്ത്രീകളുടെ വ്യക്തിത്വം തെളിയട്ടെ..........*

**അക്ഷര അനിൽ IXA**

# അവഗണിക്കപ്പെട്ട മാതൃത്വം

*പ്രായമായി കഴിയുമ്പോൾ മക്കൾക്ക് ഉപയോഗമില്ലാതായി തീരുമ്പോൾ സ്വന്തം മാതാപിതാക്കളെ അനാഥാലയത്തിലും തെരുവീഥികളിലും കൊണ്ടിടുന്ന മക്കൾ അവർ ഓർക്കുന്നില്ല തന്റെ മാതാപിതാക്കൾ എത്ര കഷ്ട പെട്ടാണ് തന്നെ വളർത്തിയത് അതുകൊണ്ടാണ് താൻ ഈ നിലയിൽ എത്താൻ കാരണമായത്. പക്ഷെ അവരെ പറ്റി നാം ചിന്തിക്കുന്നില്ല.അവഗണിക്കപ്പെട്ട മാതാപിതാക്കളെ തെരുവോരങ്ങളിൽ കണ്ടുവരുന്ന കാലഘട്ടമാണിത്. അവർക്ക് സ്നേഹവും തണലും ലഭിക്കേണ്ടത് വാർദ്ധക്യത്തിലാണ്. മാതാപിതാക്കളെ ദൈവത്തെപ്പോലെ പൂചിച്ചിരുന്ന പഴയ സംസ്കാരം തിരികെ കൊണ്ടുവരണം അവരെ സ്നേഹിക്കണം.*

**അൽഫോൻസ സെബാസ്റ്റിൻ**
IX,A


# പുതുഹരിതം

അരുണന്റെ രശ്മികൾ ഒരു
നേർത്ത പുടവയായ്
അവനിയെ മെല്ലെപ്പുണർന്ന നേരം
അവളുണർത്താൻ കളകള
പാടുന്ന കുരുവികളും നല്ല കിളികുലവും
ചേറ്റിൽ വളർന്നവൾ തൻ കരവല്ലികൾ
ചേർത്തു തൊഴുതു മിഴികൾ കൂപ്പി
ഇത്തിരി നേരം പുലരുമ്പോൾ വരുമവൻ
ഉത്തമനായ തൻ കാന്തനത്രേ
നേർത്ത ഹിമപുതപൊന്നു ചാർത്തി
മിഴി കോർത്തു മയങ്ങു തരുലതകൾ
ചെമ്മേ തലോടി കടന്നുപോകും കുളിർ
തെന്നലിൻ കൈവിരൽ സ്പർശനത്താൽ
ചിമ്മി ഇമകൾ തുറന്നു മെല്ലെ –നല്ല
മുല്ലയും തെച്ചിയും ചെമ്പകവും
പയ്യെ കരങ്ങൾക്കൊണ്ടാന്നു മാടി –
മാടി മെല്ലെയൊതുക്കി തളിരിലകൾ
നല്ല സുഗന്ധതൈലം പുരട്ടി നിന്നു
മുല്ലകൾ വെണ്ണിലാവെന്ന പോലെ
വാനിലെ വെണ്ണിലാവിൽ കുളിച്ചെത്തിടും
വാർമതിയാവും രജനിപോലെ
മാവും പിലാവും പുളിമരവും ആദി–
മാനമോടൊന്നു സട കുടഞ്ഞു
പിന്നെ ചിരിച്ച തല കുലുക്കി നിന്നു
മെല്ലെ വരുന്ന പ്രഭയേൽക്കുവാൻ
കോഴികൾ നീട്ടി വിളിച്ചുണർത്തി
നല്ല ഈണമോടെ തന്റെ വീട്ടുക്കാരെ
എല്ലാരുമൊന്നു ചേർന്നങ്ങു വരവേറ്റു
ചൊല്ലൊഴും ആദിത്യദേവനെയും
ചാഞ്ചക്കമാടും മരച്ചിലകളുൾ തന്റെ
ചാരെയൊഴുകും പുഴയിലായി
തുള്ളി കളിക്കുന്ന മത്സ്യജാലം
പുഴതന്നിൽ പുളകമോടെന്നുമെന്നും

ചാലെ പടിഞ്ഞാറോട്ടൊന്നുനീങ്ങി
മെല്ലെ ചായുന്ന ചൊപ്പട്ടുടുത്ത് കൊണ്ട്
നേർത്ത കുളിരാർന്നിട്ടെന്നപോലെ
പൊന്നു ചാർത്തി അകലുന്ന നമ്മിൽ നിന്നും
അത്യന്ത സപന്ദരമാം പ്രപഞ്ചത്തിൻെറ
തത്ത്വങ്ങളോർക്കിൻ നമ്മുക്കറിയാം
നിത്യപിതാവിനല്ലാതെയാവില്ല
മറ്റാർക്കും പ്രപഞ്ചത്തെ സൃഷ്ടിക്കുവാൻ

നന്ദന ബൈജു
IX

# Prayer



A devout petition to God or an object of worship. A Spiritual communion with God or an object or worship, as in supplication, thanksgiving, adoration, or confession.
The act or practice of praying to God or an object of worship. A formula or sequence of words used in or appointed for praying.
Prayer in the Hebrew Bible is an evolving means of inter acting with God, most frequently through a spontaneous,
individual, unorganized form of petitioning and thanking… In these instances, Such as with Isaac, Moses, Samuel, and Job, the act of praying is a method of changing a situation for the better.

Anupriya Santhosh IX A

# THE SONG OF NATURE

**I am nature,**
**I want to say**
**You about my life.**

**Its not just a story**
**Its a fact happening**
**In my life.**

**The most powerful**
**Creature now lives**
**On my lap.**

**They are hurting**
**Me through their**
**Horrible activities.**

**I thought that**
**They will hear my**
**Horrible life.**

**(JOHNCY KJ)**
**IXA**

# മാധ്യമം

കാണുന്നു നാമിന്നു ലോകം മുഴുവൻ
കണ്ണിന്നു മുൻന്നിൽ വെളിച്ചമോടെ
കാണുന്നു മായികഭാവങ്ങൾ നാമിന്നു
ഒറ്റ വിരലുകൾ തലോടലോടെ
ഇന്നു പിറക്കുന്ന കുഞ്ഞുപോലും
പിന്നെ നാളെ നാം കാണുന്നു ഇത്തരത്തിൽ
മാധ്യമ ലോകം വളർന്നിടുന്നു
ഓരോ പുത്തൻ പുതുമയോടിന്നു

മാനുഷരെല്ലാരും മൂകരായി
ഭൂമിതെന്നയോ മൊത്തത്തിൽ ഏകയായി
എല്ല മനുഷ്യ ജാലങ്ങളുമിന്നിപ്പോൾ
മാധ്യമലോകത്തിനുള്ളിലായി
കുട്ടി ഇടിക്കുകിൽ മിണ്ടുകില്ല അവൾ–
മുന്നോട്ട് നോക്കി നടക്കയില്ല
മനിതന്റെ കണ്ണിനു കാഴ്ചയില്ല
അവർ മരണക്കെണികളോ കാൺമതില്ല
അവരുടെ മനസിനോ താളമില്ല ഇന്ന്
അവരുടെ ഉള്ളിലോ ലക്ഷ്യമില്ല
അവരുടെ സ്വപ്നങ്ങൾ ചിതലരിക്കും
പിന്നീടവരെയും ആ ചിതൽ നാശമാക്കും

നന്ദന ബൈജു
IX A

# MANNERS

*Manners are something used everyday to make a good impression on other and to feel good about oneself.....Being polite and courteous means considering how others are feeling .If you practice good manners , you are showing those around you that you are considerate of there feelings are respectful .Good manners are very importance in our daily and every parent must teach their children to good manners and importance of them in life . Good manners are required to create an effective interaction with friends as well as make a good impression on them. It helps us to remain positive through out day*.

***RAVEENA.A.R***
***IX,A***

## വനസംരക്ഷണം



പ്രകൃതിയെ നിലനിർത്തുന്നതിൽ വനങ്ങൾ സുപ്രധാനമായ പങ്ക വഹിക്കുന്നുണ്ട്. വനങ്ങൾ ദേശീയ സംമ്പത്താണ്. അത് സംരക്ഷിച്ച നിലനിർത്തേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്.

ആദിമ മനുഷ്യൻ കാട്ടുമായി ബന്ധപ്പെട്ട ജീവിതമാണ് നയിച്ചിരിക്കുന്നത്. അതുമായി ഒരു ബന്ധം നമ്മുക്ക് കാട്ടുമായിട്ടുണ്ട്. നമ്മുടെ കാവുകളും ആരാധനാലയങ്ങളും വനങ്ങളും ബന്ധപ്പെട്ട കിടക്കുന്നു.

ജനങ്ങൾ വർദ്ധിച്ചപ്പോൾ കാട് വെട്ടിതെളിച്ച് നാടാക്കിക്കൊണ്ടിരിക്കുന്നു. ഒരു കാലഘട്ടമാണിത്. വന്യജീവികളുടെ വംശനാശത്തിനും , അമൂല്യമായ വൃക്ഷങ്ങളുടെ നാശത്തിനും കാരണമായി ഈ വന നശീകരണം. വന്യജീവികൾ നാട്ടിലിറങ്ങി മനുഷ്യരുടെ ജീവനും കാർഷികവിളകളും നാശം വിതയ്ക്കുകയാണ്. ഇത് ഒരു രാജ്യത്തിന്റെ പുരോഗതിക്കും തന്നെ പ്രതികൂലമായി ബാധിക്കും.

സ്വാതി കെ . എസ്
IX A

# MOTHER'S LOVE

*I SAW A LIGHT*
*IN THE NIGHT*
*THE LIGHT, PASSING*
*THROUGH MY HEART*

*I SAW THE LIGHT*
*IN MY PAST*
*PAST IS WASTE*
*BUT THE WASTE PAST*
*ALSO HAS A STORY*

*THE STORY MOULD ME*
*AN INFANT CHILD*
*MY MOM MADE ME*
*CLOSER TO HER CHEST*
*THAT MOMENT MADE*
*ME SO CARED*

*SHE FELT SO HAPPY*
*THROUGHOUT MY GROWTH*
*I WILL OBEY MY MOM*
*ALL THE TIME IN MY LIFE*

*MY MOM'S HAND IS*
*THE ONE WHICH MAKES*
*ME SO PROTECTIVE*
*I LOVE MY MOM*

*(SANDRA MARIA MARTIN)*
*IX A*


# വള്ളംകളി



സമുദ്രനിരപ്പിൻെറ താഴെ സ്ഥിതിചെയ്യുന്ന കുട്ടനാട്ടിലെ വലിയ ഒരു ജ്ജലോത്സവമാണ് വള്ളംകളി. പണ്ട് കുട്ടനാട്ടുകാരുടെ പ്രധാന യാത്ര മാർഗ്ഗമായിരുന്നു വള്ളങ്ങൾ. പിന്നീട് കുട്ടനാട്ടുകാർക്ക് ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെട്ടപ്പോൾ ഇത് കുട്ടനാട്ടുകാരുടെ വിനോദകേളിയായിമാറി.ചമ്പക്കുളം മൂലം വള്ളംകളി, നെഹ്റുട്രോഫി വള്ളംകളി, ആറന്മുള ഉതൃട്ടാതി വള്ളംകളി, ടൂറിസം വള്ളംകളി,പുളിങ്കുന്ന് രാജീവ് ഗാന്ധി വള്ളംകളി എന്നിങ്ങനെ ഒട്ടേറെ മത്സരവള്ളംകളികൾ നടത്തപ്പെടാറുണ്ട്. സാധാരണ ചുണ്ടൻ വള്ളങ്ങളിൽ എൺപത്തിഏഴ് തുഴക്കാരും അഞ്ച് നിലക്കാരും നാല് അമരക്കാരുമാണ് പങ്കെടുക്കുന്നത്.ചുണ്ടൻവള്ളം വെപ്പ്, ചുരുളൻ, ഇരുട്ടുകുത്തി, ഓടിവള്ളം തുടങ്ങി പല തരത്തിലുള്ള വള്ളങ്ങളാണ് മത്സരവള്ളം കളിക്കായ് ഉപയോഗിക്കുന്നത്. വള്ളംകളിയെ കേരളസർക്കാർ ഒരു കായിക വിനോദമായി അംഗീകരിച്ചിട്ടുണ്ട് .

**എബിൻ കെ തോമാസ് IX . A**

# ലോകത്തിന്റെ മാലാഖമാർ



സ്വന്തം ജീവിതം മറ്റുള്ളവർക്ക് വേണ്ടി സമർപ്പിച്ച് ലോകത്തിന്റെ വെളിച്ചമായി തീരുന്നവരാണ് ലോകത്തിന്റെ മാലാഖമാരെന്നറിയപ്പെടുന്ന നേഴ്സുമാർ. തന്റെ കുടുംബത്തിലെ ഒരംഗത്തെ പോലെയാണ് അവശർക്കും രോഗികൾക്കും വേണ്ടി അവർ സേവനം ചെയ്യുന്നത്. മറ്റുള്ളവരുടെ വേദനകളെ സ്വന്തം വേദനകളാക്കി മാറ്റി അവരെ സഹായിച്ചും സംരക്ഷിച്ചും സേവിച്ചും കഴിയുന്ന നേഴ്സുമാർ സമൂഹത്തിനുത്തമ മാതൃകയാണ്. ഏതൊരു വ്യക്തിയേയും യാതൊരു വ്യത്യാസവും കൂടാതെ പരിചരിക്കുവാൻ ദൈവം ഭൂമിയിലേക്ക് അയച്ച മാലാഖമാരാണ് അവർ. അവരുടെ ഓരോ പ്രവൃത്തനങ്ങളും ദൈവത്തെ കേന്ദ്രീകരിച്ചാണ്. സ്വന്തം ജീവിതത്തിൽ നേട്ടങ്ങൾ കൈവരിക്കാതെ രോഗികൾക്കു വേണ്ടിയും ദൈവത്തിനു വേണ്ടിയും ജീവിതം സമർപ്പിച്ച ഒരു വ്യക്തിത്ത്വമാണ് മദർ തെരേസ. മദറിന്റെ സേവനങ്ങളാണ് ലോകത്തിലുള്ള ഓരോരുത്തർക്കും പ്രചോധനമായി തീരുന്നത്.സേ്നഹത്തിന്റെയും സഹനത്തിന്റെയും ഉത്തമ മാതൃകയാണ് നേഴ്സിമ്മാർ...........

സാന്ദ്ര ബിജു IX A

# KNOWLEDGE

**Knowledge is a great treasure of all the human beings in their life. But they all are wasting their life. They are liked to have the knowledge but they are not trying to have that. Most of them are wasting their time for useless things and most of the people who have the knowledge are wasting their knowledge for useless activities. Few others are sharing their knowledge for the poor children who are not able to study. Most of the children in the world are liked to have the knowledge but their situations are not good means their family income is not much for having the knowledge. You must try your best to have the knowledge. It may take you in higher position in your life.**

SANDRA MARIA MARTIN

IX A

# MY SUPER DADDY

The quality of a father can be seen in the goals , dreams and aspiration he sets not only for himself but for his family" on father's day much of the world takes the time to appreciate the work of good fathers the makes all the difference in a child's life. He's a pillar of strength support and discipline. A Good father loves this Kids Discipline without love breeds resentment. A Good father loves his Kids your kids should never wonder whether you love them your should be able to find peace, comfort, rest and consistency in your love.

**Alphonza Sebastion**

**IX**

# മാതൃത്വത്തിന്റെ വില

നമ്മുടെ പരാജയങ്ങളിലും വിജയങ്ങളിലും സന്തോഷങ്ങളിലും സങ്കടങ്ങളിലുംആഗ്രഹങ്ങളിലും ആവശ്യങ്ങളിലും നമ്മുടെ സഹായത്തിന് എത്തുന്ന നമ്മുടെഅമ്മ പുട്ട് വേണ്ട ദോശ മതി ചിക്കൻ വേണ്ട ബീഫ് മതി. നമ്മുടെ "വേണ്ട "കളെ അവരുടെ വേണ്ടാകളാക്കി നമുക്ക് വേണ്ടത് എല്ലാം നൽകുന്ന അമ്മ അമ്മയെ നഷ്ടപെട്ടുപോകുമ്പോൾ ഉണ്ടാവുന്ന വേദന അത് സഹിക്കാൻ പറ്റില്ല.നമ്മുക്ക് എന്തെങ്കിലും പറ്റിയാൽ വിറക്കുന്നകൈകളാൽ നെഞ്ചോട് ചേർന്ന് ആശുപത്രിയിൽ കൊണ്ടുപോകും ഈ അമ്മയെ നമ്മൾ മറക്കരുത്. അമ്മക്ക് ഒരു തലവേദനവന്നാൽ നമ്മളോട് പറയില്ല. എന്നാൽ നമുക്ക് എന്തെങ്കിലും പറ്റിയാൽ അത് അമ്മക്ക് അമ്മയുടെ ജീവനെക്കാൾ വലുതാണ്. അമ്മയില്ലങ്കിൽ നമ്മുടെ നമ്മുടെ വീട് ശരീരത്തിലെ രക്തം ഇല്ലാത്ത അവസ്ഥയാണ് അമ്മയാകുന്ന രക്തം മക്കളിലേക്ക് ആവസിക്കുമ്പോളാണ് മക്കൾ മക്കളാവുന്നതും വീട് വീടാവുന്നതും. “എനിക്ക് ജീവനുള്ളിടത്തോളം കാലം ഞാൻ എന്റെ അമ്മയെ സംരക്ഷിക്കും".എന്നവാക്ക്യം ഓരോ മക്കളും അവരവരുടെ ജീവിതത്തിൽ ഏറ്റെടുത്താൽ ഈ ലോകത്ത് വൃദ്ധസദനം ഉണ്ടാവുകയില്ല.നമ്മുടെ അമ്മമാരെ അവരുടെ ഭാഗത്തു നിന്ന് കാണാൻ പഠിക്കുക. അപ്പോഴാണ് സ്നേഹം യഥാർഥമാകുന്നത്.

ജോൺസി. കെ. ജെ (IX A)

# BIRDS

*If ever I see*
*Oh bush or tree,*
*young birds in a pretty nest*
*I must not, in my play*
*steal the birds away,*
*To grieve their mother' breast*

*My mother I know,*
*would sorrow so,*
*should I be stolen away,*
*So I will speak to the birds,*
*In my softest words,*
*hurt theming play.*

*Maria Thomas*
*IX A*

# അമ്പിളിയുടെ മീൻ

തേയിലത്തോട്ടങ്ങളിൽ കൂടി ഞാൻ ഓടിച്ചാടി നടകുകയായിരുന്നു. വല്ലാത്ത വിശപ്പ്. വീട്ടിലേയ്ക്ക് പോകാം. വീട്ടിൽ
കഴിക്കാൻ വല്ലതും കണ്ടിരുന്നെങ്കിൽ...... ഉത്സാഹത്തോടെ അവൾ വീടിനകത്തേയ്ക്ക് ഓടിച്ചെന്നു. എന്നിട്ട് അവൾ കൂജയിൽ നിന്ന് വെള്ളം കുടിച്ചു. കൂജയിലെ തണുത്ത വെള്ളം കുടിച്ചപ്പോൾ അവൾക്ക്
ആശ്വാസം തോന്നി. അവൾ അമ്മയെ നോക്കി. അമ്മ.......... അവൾ
നീട്ടിവിളിച്ചു.

ആ..... എന്റെ അമ്പിളിമോളു വന്നോ? അമ്മേ എനിക്കു വിശക്കുന്നു. വിശപ്പ് എന്നുകേട്ടപ്പോൾ അമ്മയുടെ ഉള്ളൊന്നു കാളി. താങ്ങാ-
നാവാത്ത ഹൃദയവേദനയോടെ പഴങ്കഞ്ഞിയും തൈരും കാന്താരി ഞെരടിയതും അവൾക്ക് കഴിക്കാനായി കോടുത്തു. കൺപോളകളിലൂടെ
ചാലുകീറിയ കണ്ണുനീർ സാരിതലപ്പുകോണ്ട് തുടച്ചുകൊണ്ട് അവർ വേഗം
മുറ്റത്തിറങ്ങി. അമ്മയെ ആശ്വസിപ്പിക്കാനായി അമ്പിളി അമ്മയുടെ
പിനാലേക്കൂടി

അമ്മേ.............അമ്മ എന്തിനാണ് കരയുന്നത്?
അമ്മ അവളെ ചേർത്തുപിടിച്ചു. എന്റെ കുട്ടിക്ക് നല്ല ഭക്ഷണം
തരാൻ കഴിയാത്ത നിർഭാഗ്യവതിയായി പോയല്ലോ ഞാൻ. അമ്മയുടെ
കരച്ചിൽ തെല്ലുറക്കെയായി പോയി.

അമ്മ കരയാതെ ഞാൻ പഠിച്ച് ഒരു നല്ല ജോലി വാങ്ങിക്കും.
നമ്മുടെ ഈ പ്രാരാബ്ധം ഒക്കെ മാറും. അമ്മ അമ്പിളിയെ മാറോടുചേർ-
ത്ത് ഉമ്മവച്ചു.

അന്ന് വൈകുന്നേരം അവൾ പുഴയോരത്ത് മീൻ പീടിക്കാൻ

അമ്മയോട്  അനുവാതം ചോദിച്ചശേഷം അമ്പിളി ചിരട്ടയിൽ മണ്ണിരയെ
പിടിച്ചു പുഴക്കരിലേക്ക് ഓടി. അവൾ ചൂണ്ടയിൽ മണ്ണിരയെ ഇടാൻ തുടങ്ങി.
അവൾക്ക കുറെ മീനുകൾ കിട്ടി. അത് അവൾ അമ്മയെ എൽപ്പിച്ചു.
അമ്മ അത് ചന്തിയിൽ കൊണ്ടുപോയി വിറ്റു നല്ല പൈസ കിട്ടി.
അവരുടെ ജീവിതം മുന്നോട്ടു പോയി............

(മരിയ തോമസ്)
(IX A)

# *ME AS THE WORDS OF NATURE*

*Water drops falls*
*as the tear of earth*
*water bodies flows*
*as the blood of earth*
*The tear and blood*
*are scared one*
*so we must should*
*care it well*
*When the rain drop*
*touches the face of earth*
*the earth wakes up*
*with a smiling face*
*When the dew drops*
*touches the earth*
*the earth shrinks to*
*the  blanket of atmosphere*
*Water is a precious gold*
*store it well*
*And use it well*
*For the coming generation*

*RAVEENA A R*
*IX A*


## മാധ്യമങ്ങൾ നിത്യജീവിതത്തിൽ

ലോകം ധ്രുതഗതിയിൽവളർന്നു കൊണ്ടിരിക്കുക യാണ്. മാറുന്ന ലോകത്തിന്റെ മുഖം ഒരു കണ്ണാടിപോലെ പ്രതിഫലിപ്പിക്കുവാൻ മാധ്യമങ്ങൾ സഹായകരമാകുന്നു. ലോകത്തിന്റെ ചിന്തകളും പ്രവർത്തനങ്ങളും പോരായ്മകളും വരച്ചുകാട്ടുവാനായി ക്യാമറകണ്ണുകളുമായി മാധ്യമങ്ങൾ പരതിനടക്കുന്നു. ലോകത്തിന്റെ ഒരു കോണിൽ സംഭവിക്കുന്ന വാർത്തകൾ മറ്റുകോണിൽ എത്തിക്കുവാൻ അതിവേഗ വാർത്താചാനലുകൾ ജന്മം കൊണ്ടിരിക്കുന്നു. പണ്ട് വീടുകളിലെ വിരുന്നുമുറിയിലുണ്ടായിരുന്ന ടി.വി എന്ന ബിഗ് സ്ക്രീനിൽനിന്ന് ഇന്ന് വിരൽതുമ്പിലെ മൊബൈൽ ഫോണെന്ന മിനി സ്ക്രീനിലേക്ക് വാർത്തകളും മറ്റു കൗതുകങ്ങളും ഒരു പഞ്ഞവുംകൂടാതെ എത്തുന്നു. അതിരാവിലെ വീട്ടുവാതിൽക്കൽ എത്തിയിരുന്ന പത്രമാധ്യമം പോലും മിനിസ്ക്രീനിൽ ദൃശ്യമാകുന്നു. വാർത്തകളുടെ അളവുകളും മനോഹാരിതയും കൂട്ടാനായി മാധ്യമങ്ങൾ വെമ്പൽകൊള്ളുമ്പോൾ വാർത്തകൾ വളചൊടിയുകയാണെന്ന കാര്യം ആരും ശ്രദ്ധിക്കുന്നില്ല. നീതിയും സത്ത്യവുമെല്ലാം മുഖമുദ്രയാക്കേണ്ട വാർത്താചാനലുകൾ റേറ്റിങ്ങിനായി വാർത്തകളെ പുനസൃഷ്ടിക്കുകയാണ് ചെയ്യുന്നത്. ചിലസന്ദർഭങ്ങളിൽ മാധ്യമങ്ങളുടെ കൊലക്കത്തിക്ക് ഇരയാവുകയാണ് സത്ത്യം എന്ന മൂല്യം. വാർത്താസ്വാതന്ത്ര്യം എന്നത് നന്മയെ ചോദ്യം ചെയ്യാനുള്ളതല്ല മറിച്ച് തിന്മയെ ചോദ്യം ചെയ്യാനുള്ളതാണെന്ന് ഇക്കൂട്ടർ മറക്കുന്നു. അസത്ത്യം നിറഞ്ഞ വാർത്താലോകത്തിന് ഇരയായിത്തീരുന്ന മനുഷ്യർ

വാർത്തകളിലെ കൗതുകം തേടി അലയുന്നതുതന്നെയാണ് ഇത്തരക്കാർക്കുള്ള പ്രോത്സാഹനം. ലോകം ഇനിയും വളരും. മാറ്റങ്ങൾ സംഭവിച്ചുകൊണ്ടേയിരിക്കും. എത്ര ഭീഷണി ഉയർന്നാലും സ്വാതന്ത്ര്യം ദുരുപയോഗം ചെയ്യാതെ നീതിയുടെയും സത്യത്തിന്റെയും മുഖമായി മാധ്യമങ്ങൾ വളരണം.

മെറീന ജോസഫ്
IX ,A

# എന്റെ വിദ്യാലയം



ജിബിൻ വർഗ്ഗീസ്
IX A

# GOOD HABITS

***Good habit. A behaviour that is beneficial to ones physical or mental health, often linked to a heigh level of discipline and self-control. Examples good habits regular exercise, consumption of alcohol in moderation balanced diet monogamy ,etc... Every day you make choices create your thoughts and actions. Your thoughts and actions develops your habits. And your habits define your life.***

**Maria Thomas**
IX A

# Climate Change

*Kuttanadu is a place sandwiched between lakes and rivers and is vulnerable to climate change . The climate change affects the kuttanadu very badly. The most disasterous impact will be on food production because the people of kuttanadu depend more on paddy cultivation for their livelihood. Beyond damage to crops floods are destabilising the liver of people in the region. The uncontrolled rainfall submerge kuttanadu under water . The new studies shows that from 2050 onwards Several places including kuttanadu will become part of sea. The unparalleled climate changes are the reason behind this.*

*ALPHONZA SEBASTION*
*IX*

**Pen v/s Mouse** ഡിജിറ്റൽ മാഗസിൻ

പ്രസിദ്ധീകരിക്കുവാൻ

പ്രചോദനമേകിയവർക്കും....

പ്രേരണ നൽകിയവർക്കും....

പ്രയത്നിച്ചവർക്കും....

പ്രവർത്തിച്ചവർക്കും....

പ്രസാധനകർമ്മനിർവ്വഹിച്ചതിനും

# നന്ദി.....

